LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അനാഥാലയങ്ങളിലെ അന്തേവാസികളായ കട്ടികളുടെ പഠനത്തിനു വേണ്ടി ഐടിഐ, ഫാർമസി, പോളിടെക്നിക്, ജനറൽ നേഴ്സിംഗ് എന്നീ കോഴ്സുകൾക്ക് സീറ്റ് സംവരണം ചെയ്തിട്ടുണ്ട്. കൂടാതെ ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി പ്രവേശനത്തിന് സർക്കാരിന്റെ പ്രത്യേക പ്രവേശനാനുമതിയും ഉണ്ട്. ഓർഫനേജ് ആന്റ് അദർ ചാരിറ്റബിൾ ഹോംസ് (സൂപ്പർവിഷൻ ആന്റ് കൺട്രോൾ) ബോർഡിന്റെ അംഗീകാരത്തോടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഓർഫനേജുകളിൽ സർക്കാർ ഗ്രാന്റിന് അർഹതയുള്ള അന്തേവാസികൾക്ക് പ്ലസ് ടു വിദ്യാഭ്യാസ യോഗ്യതയ്ക്കുശേഷം തുടർ പഠനത്തിന് അർഹതയുണ്ട്. ടി അന്തേവാസികൾക്ക് കോഴ്സ് ഫീസും റസിഡൻഷ്യൽ അക്കോമഡേഷൻ ഫീസും ടെസ്റ്റ് ബുക്കുകളുടെയും പൂർണ്ണമായ ചെലവുകളും ധനസഹായമായി ലഭിക്കുന്നതാണ്. സ്ഥാപനത്തിന് വെളിയിലുള്ള ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്നവർക്ക് പ്രതിമാസം പരമാവധി 1000 രൂപയും യൂണിഫോം, വസ്ത്രം എന്നിവയ്ക്ക് പ്രതിവർഷം പരമാവധി 2000 രൂപയും അനുവദിക്കുന്നു.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

ക്ഷേമപെൻഷനുകൾ നൽകാൻ D.B.T. സംവിധാനം

321 (1695) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ക്ഷേമപെൻഷനുകൾ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഏതെല്ലാം ക്ഷേമപെൻഷനുകളാണ് ഇപ്രകാരം വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുള്ളത് ; ഈ പദ്ധതി നടപ്പിലാക്കാനുള്ള കാരണമെന്താണ് ; എത്ര ആളുകൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത് ;

(സി) പ്രസ്തുത പദ്ധതിമുഖേന വകുപ്പിനും ഗുണഭോക്താവിനുമുള്ള നേട്ടമെന്ത് ;

(ഡി) ശാരീരികമായ വെല്ലുവിളികൾ നേരിടുന്ന ഗുണഭോക്താക്കളെ ഈ സംവിധാനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; ഇവർക്ക് ക്ഷേമപെൻഷനുകൾ എപ്രകാരം നൽകാനാണ് തീരുമാനിച്ചിട്ടുള്ളത് ;

(ഇ) പ്രയോജനകരമെന്ന് കാണുന്നപക്ഷം മറ്റുക്ഷേമപെൻഷനുകളും ഡി.ബി.ടി. സംവിധാനത്തിലൂടെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. സ.ഉ (പി) നമ്പർ 363/2013/ധന. പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിതരണം ഗുണഭോക്താക്കളുടെ ബാങ്ക്/പോസ്റ്റ്ഓഫീസ് അക്കൗണ്ടിലേയ്ക്ക് നേരിട്ട് ലഭ്യമാക്കുന്ന സമ്പ്രദായം നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) വികലാംഗ പെൻഷൻ, അഗതി (വിധവ) പെൻഷൻ, ദേശീയ വാർദ്ധക്യകാലപെൻഷൻ, 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവയാണ് DBT (Direct Benefit Transfer) സമ്പ്രദായംവഴി വിതരണം ചെയ്യുവാൻ തീരുമാനിച്ചിട്ടുള്ളത്. പെൻഷൻ തുക ഗുണഭോക്താവിന് കാലതാമസം കൂടാതെ നേരിട്ട് അവരുടെ അക്കൗണ്ടിൽ ലഭ്യമാക്കുക എന്നതാണ് ഈ സംവിധാനം കൊണ്ട് ഉദ്ദേശിക്കുന്നത്. സാമൂഹ്യക്ഷേമ പെൻഷനുകളുടെ നിലവിലുള്ള ഗുണഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു :

വികലാംഗ പെൻഷൻ	- 325521
അഗതി (വിധവ) പെൻഷൻ	- 1009214
ദേശീയ വാർദ്ധക്യകാല പെൻഷൻ	- 829656
50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ-	- 67526

(സി) സമയബന്ധിതമായി പെൻഷൻ തുക ഗുണഭോക്താക്കൾക്ക് എത്തിച്ചു കൊടുക്കുവാൻ സാധിക്കുന്നു.

(ഡി) വികലാംഗ പെൻഷൻ ഗുണഭോക്താക്കളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ വിഭാഗത്തിൽപ്പെട്ടവർക്ക് 31-12-2012-ലെ സ.ഉ. (സാധാ) 577/12/ സാനീവ നമ്പർ ഉത്തരവ് പ്രകാരം നിലവിലുള്ള മണിഓർഡർ സംവിധാനം തുടരുന്നതിനാണ് താൽപ്പര്യമെങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ ഓപ്ഷൻ നൽകുന്നതിന് വിധേയമായി നിലവിലുള്ള സംവിധാനം തുടരുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ഇ) സാമൂഹ്യനീതിവകുപ്പുവഴി നടപ്പിലാക്കിവരുന്ന എല്ലാ സാമൂഹ്യക്ഷേമ പെൻഷനുകളും ഡി.ബി.റ്റി. സംവിധാനംവഴി വിതരണം ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്.